**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6324** **08.11.2016-ൽ മറുപടിയ്ക്ക്**

**സർക്കാർ വകുപ്പുകളുടെ ഏകോപനം**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ.പി.കെ.ബഷീർ :** | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്തെ വിവിധ വകുപ്പുകൾ ഏകോപിച്ച് പ്രവർത്തിക്കാത്തത് വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നതും തദ്വാര ജനങ്ങളുടെ എതിർപ്പിന് കാരണമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രത്യേകിച്ച് പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലം വളരെ നല്ല രീതിയിൽ ടാറിംഗ് പൂർത്തിയാക്കിയ റോഡുകൾ പൈപ്പിടലിനു വേണ്ടി വെട്ടിപ്പൊളിക്കാറുണ്ട് എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (ബി) പരിശോധിച്ചിട്ടുണ്ട്. റോഡിലെ ടാറിംഗ് പൂർത്തിയായ തിനുശേഷം കുടിവെള്ളത്തിനായി ജലവിഭവ വകുപ്പിൽ നിന്നും പൈപ്പ് ലൈൻ ഇടുന്നതിനുള്ള അപേക്ഷകൾ നല്കിയാൽ അത് പരിഗണിക്കാതിരിക്കുവാൻ സാധിക്കുന്നതല്ല. ഇത്തരം സാഹചര്യങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ മുൻകൂർ അനുമതിക്കായി അപേക്ഷ ലഭിച്ചാൽ മരാമത്ത് വകുപ്പിലേയും, വാട്ടർ അതോറിറ്റിയിലേയും ബന്ധപ്പെട്ട എഞ്ചിനീയർമാർ സംയുക്തമായി സ്ഥലപരിശോധന നടത്തി യുക്തമായ തീരുമാനം എടുക്കേണ്ടതാണെന്നും, മഴക്കാലത്ത് സ്ഥിരമായി റോഡ് വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കണമെന്നും, ടാർ ചെയ്ത ഭാഗം പരമാവധി ഒഴിവാക്കി റോഡിന്റെ ഏറ്റവും പുറത്തെ അതിർത്തിയോടുകൂടി മാത്രം പൈപ്പ് ലൈനുകളും, കേബിളുകളും ഇടേണ്ടതാണെന്നും, വകുപ്പുകളിലെ എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ മാത്രമേ ഇത്തരം പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ എന്നുമുള്ള കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൈപ്പ് |

ലൈൻ ഇടുന്നതനുസരിച്ച് റീസ്റ്റോറേഷൻ പ്രവർത്തികൾ നടത്തുകയുമാണ് ചെയ്യുന്നത്. എന്നാൽ മുൻകൂർ അനുമതി വാങ്ങാതെ വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ എന്നീ വകുപ്പുകൾ റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ടി റോഡിന്റെ കേടുപാടുകൾക്ക് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(സി)** ഇത്തരം സാഹചര്യങ്ങളിൽ പൈപ്പിടൽ പൂർത്തിയാക്കിയതിനുശേഷം ടാറിംഗ് ചെയ്യുകയാണെങ്കിൽ കോടിക്കണക്കിന് രൂപ ലാഭിക്കാൻ കഴിയുമെന്നത് കണക്കിലെടുത്ത് ഒന്നിൽ കൂടുതൽ വകുപ്പുകൾ ചെയ്യേണ്ടുന്ന പ്രവൃത്തികൾ ഏകോപിപ്പിച്ച് ചിട്ടയോടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ?

**(സി)** നടപടി സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ട വകുപ്പുകൾക്ക് പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ അവരവരുടെ ഏതേതു പ്രവർത്തികളാണ് നടത്തേണ്ടതായിട്ടുള്ളത് എന്ന വിവരങ്ങൾ നേരത്തെ തന്നെ അറിയിക്കുന്ന പക്ഷം റോഡ് നിർമ്മാണം കഴിഞ്ഞയുടനെ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാവുന്നതും ഒന്നിൽക്കൂടുതൽ വകുപ്പുകൾ ചെയ്യേണ്ടുന്ന പ്രവർത്തികൾ ഏകോപിപ്പിച്ച് ചിട്ടയോടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാവുന്നതുമാകുന്നു. ഇതിലേയ്ക്കായി ബന്ധപ്പെട്ട വകുപ്പുകൾ യോജിച്ച തീരുമാനമെടുക്കുന്നതിലേയ്ക്ക് ചർച്ചകളിലൂടെ നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ